# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : 421.

29..6..2012-ൽ മറുപടിക്ക്

## പാലിന്റെ പ്രതിദിന ആവശ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, ഇ. ചന്ദ്രശേഖരൻ<br>,, കെ. രാജു<br>,, കെ. അജിത് | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രതിദിനം ആവശ്യമായ പാലിന്റെ അളവ് എത്ര; ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് എത്രയാണ്; | (എ) സംസ്ഥാനത്ത് പ്രതിദിനം ആവശ്യമായി വരുന്ന പാലിന്റെ അളവ് 82 ലക്ഷം ലിറ്റർ ആണ്. എന്നാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് ഏകദേശം 73.97 ലക്ഷം ലിറ്ററാണ്. |
| (ബി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് തുടർന്നുവരുന്നതെന്ന് പറയുമോ; | (ബി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീര വികസന വകുപ്പ് വഴി സമഗ്രമായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. തീറ്റചെലവ് കുറച്ച് ക്ഷീരോല്പാദനം ലാഭകരമാക്കുന്നതിനു വേണ്ടി തീറ്റപ്പുൽ കൃഷി വികസന പദ്ധതി; സങ്കരയിനം പശുക്കളെ ലഭ്യമാക്കുന്ന എം.എസ്.ഡി.പി. പദ്ധതി; കാലിത്തീറ്റ സബ്സിഡി; ആർ.കെ.വി.വൈ., ക്ഷീര സംഘങ്ങളെ സഹായിക്കുന്ന പദ്ധതി തുടങ്ങി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി 3000 ഹെക്ടർ സ്ഥലത്തു കൂടി തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. കേന്ദ്രപദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ മിൽമ വഴി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. |

| | |
|---|---|
| (സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഏതെങ്കിലും പദ്ധതികളാരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരിക്കുമോ; | (സി) ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 15 സ്കൂൾ ഡയറി ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 50 ക്ഷീരകർഷക ഇൻഫർമേഷൻ സെന്ററുകളും ക്ഷീരവികസന യൂണിറ്റ് തലത്തിൽ ആരംഭിച്ചിട്ടുണ്ട്. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പ്രോത്സാഹനം നല്കുന്നതിനായി ഏറ്റവും കൂടുതൽ പാൽ ക്ഷീരസംഘത്തിൽ അളക്കുന്ന കർഷകന് ക്ഷീരസഹകാരി അവാർഡ് നല്കി ആദരിക്കുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ ഭാഗമായ എൻ.എം.പി.എസ്. പദ്ധതി പ്രകാരം കോട്ടയം, തൃശ്ശൂർ ജില്ലകളിൽ തീറ്റപ്പുൽ കൃഷി, കറവയന്ത്രം, ക്ഷീരസഹകരണ സംഘങ്ങളിലെ പാൽ സംഭരണ വിതരണ ശൃംഖല ശക്തിപ്പെടുത്തൽ എന്നിവയും നടപ്പിലാക്കി. |
| (ഡി) കൂലി, തീറ്റ, ചികിത്സ തുടങ്ങിയ ചെലവുകൾ താങ്ങാനാകാത്തതിനാൽ കാലി വളർത്തൽ ഉപേക്ഷിക്കുവാൻ കർഷകർ തയ്യാറാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കർഷകരെ ഇതിൽ ഉറപ്പിച്ചു നിറുത്തുന്നതിന് എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഒഴിവാക്കുന്നതിനുവേണ്ടി ക്ഷീരവികസന വകുപ്പ് മുഖാന്തിരം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാലിത്തീറ്റ സബ്സിഡി പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, എം.എസ്.ഡി.പി., ആർ.കെ.വി.വൈ തുടങ്ങിയവയും നടപ്പിലാക്കി വരുന്നുണ്ട്. പുൽകൃഷി ചെയ്യുന്നതിന് ധനസഹായവും, പുൽക്കടകൾ സൗജന്യമായി നല്കുന്നതും കൂലിചെലവ് കുറയ്ക്കുവാൻ സഹായിക്കുന്നു. മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഗോരക്ഷാ പദ്ധതികളിലൂടെ ചികിത്സാ ധനസഹായം ലഭ്യമാക്കുന്നു. ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ മൃഗാശുപത്രിയിൽ നിന്ന് സൗജന്യമായി നല്കി വരികയും ചെയ്യുന്നു. ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും പെൻഷൻ, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം എന്നിവയും ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ.